# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR (P4) 991/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR (P4) 991/2022. തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാംമനോഹർ.വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷാജിത.കെ.എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഫെമിന.എ.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മീന ശലമോൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സുനന്ദ.ഇ.ആർ | സെക്രട്ടറി | 01-04-2019 | 24-04-2019 |
| ഒ.എം.ഫ്രാൻസിസ് | സെക്രട്ടറി | 25-04-2019 | 09-10-2019 |
| സുനന്ദ.ഇ.ആർ | സെക്രട്ടറി | 10-10-2019 | 13-10-2019 |
| സുനിത.ടി.വി | സെക്രട്ടറി | 14-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജ്യോതിരാജ്.പി.എസ് | അസി.എഞ്ചിനീയർ | 01-04-2019 | 14-08-2019 |
| ജോജു.കെ.ജെ | അസി.എഞ്ചിനീയർ (ഇൻ-ചാർജ്ജ്) | 15-08-2019 | 19-08-2019 |
| പ്രസൂൺ.പി.പി | അസി.എഞ്ചിനീയർ | 20-08-2019 | 31-03-2020 |
| ആശാമോൾ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജോഷി.ടി.ഐ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.നിയാസ് അഹമ്മദ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ഷാർലറ്റ് വിൻസന്റ് | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2019 | 31-03-2020 |
| സുനന്ദ.ഇ.ആർ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| രതി.ആർ.മേനോൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| എലിസബത്ത് ലിസി.ഡി | വി.ഇ.ഒ, കുണ്ടന്നൂർ | 01-04-2019 | 31-03-2020 |
| സൂര്യ.കെ.ആർ | വി.ഇ.ഒ, എരുമപ്പെട്ടി | 01-04-2019 | 31-03-2020 |
| ശ്രീദേവി.പി | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ബീന.എം.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 18-09-2019 |
| സുസ്മിത.കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 19-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 08-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-06-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 08-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-06-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 08-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-06-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 30-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 30-06-2022) | 1-5 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-6 |
| 9 | കാഷ് വെരിഫിക്കേഷൻ<br>Written By: Femina A.A. (Senior Grade Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 14-06-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-8 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-9 |
| 12 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-9-1 |
| 13 | വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-9-2 |
| 14 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 16-06-2022) | 1-9-3 |
| 15 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-4 |
| 16 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല | 1-9-5 |

| | | |
|---|---|---|
| | Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | |
| 17 | കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 14-06-2022) | 1-9-6 |
| 18 | തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-7 |
| 19 | വായ്പാ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-8 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 14-06-2022) | 1-9-9 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-9-10 |
| 22 | വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 14-06-2022) | 1-9-11 |
| 23 | ജേണൽ വൌച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-12 |
| 24 | Capital Work In Progress എന്ന ശീർഷകത്തിൽ തുക കുറവായി രേഖപ്പെടുത്തി<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-13 |
| 25 | മുൻകൂർ തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-14 |
| 26 | സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-15 |
| 27 | ചെലവ് തുക സുലേഖ പത്രിയിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-16 |
| 28 | ഗ്രാമ പഞ്ചായത്തിൽ ജോയിന്റ് കമ്മിറ്റികൾ രൂപീകൃതമായിട്ടില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-10 |
| 29 | പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-11 |
| 30 | ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-12 |
| 31 | ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ | 1-13 |

| | | |
|---|---|---|
| | പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | |
| 32 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-14 |
| 33 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-15 |
| 34 | മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-16 |
| 35 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് അപേക്ഷകൾ പൂർണ്ണമല്ല.<br>Written By: Femina A.A. (Senior Grade Auditor, On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-17 |
| 36 | ഉപയോഗ ശൂന്യമായ വസ്തുക്കളുടെ ലേലം- തുക വരവ് വെച്ചിട്ടില്ല.<br>Written By: Femina A.A. (Senior Grade Auditor, On 13-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 13-06-2022) | 1-18 |
| 37 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.<br>Written By: Femina A.A. (Senior Grade Auditor, On 13-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 30-06-2022) | 1-19 |
| 38 | റോഡ് കട്ടിംഗ് ഫീസ് കുറവ് ഈടാക്കി<br>Written By: Femina A.A. (Senior Grade Auditor, On 13-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 13-06-2022) | 1-20 |
| 39 | കാലിത്തീറ്റ വിതരണം ചെയ്തതിന്റെ ഇൻവോയ്സ് ഹാജരാക്കിയില്ല<br>Written By: K.M.Shajitha (Asst. Audit Officer, On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-21 |
| 40 | കന്ന്കുട്ടി പരിപാലന പദ്ധതി - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതാണ്.<br>Written By: K.M.Shajitha (Asst. Audit Officer, On 13-06-2022)<br>Last Updated By: K.M.Shajitha (Asst. Audit Officer, On 13-06-2022) | 1-22 |
| 41 | സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രൊജക്ട് തയ്യാറാക്കി നടപ്പാക്കി<br>Written By: K.M.Shajitha (Asst. Audit Officer, On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-23 |
| 42 | പാലിയേറ്റീവ് സാന്ത്വന പരിചരണ പരിപാടി - മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Jayan VS (Auditor, On 13-06-2022)<br>Last Updated By: Jayan VS (Auditor, On 13-06-2022) | 1-24 |
| 43 | സെക്രട്ടറി നടപ്പാലാക്കിയ പദ്ധതികൾ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 10-06-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 10-06-2022) | 1-25 |
| 44 | പത്രപരസ്യ ചാർജ്ജ് - സർക്കാർ ഉത്തരവിനനുസരിച്ചുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല<br>Written By: Sudha.E.N (Asst. Audit Officer, On 10-06-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 10-06-2022) | 1-26 |

| | | |
|---|---|---|
| 45 | എയ്ഡഡ് സ്കൂളിൽ ടോയ് ലറ്റ് നിർമ്മാണം - മുൻഗണനാ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-27 |
| 46 | GST Compensation ഇനത്തിൽ തുക അനുവദിച്ച് നൽകിയത് ക്രമത്തിലല്ല<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | GST Compensation ഇനത്തിൽ തുക അനുവദിച്ച് നൽകിയത് ക്രമത്തിലല്ല<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 09-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 30-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayan VS (Auditor, On 09-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jayan VS (Auditor, On 09-06-2022)<br>Last Updated By: Jayan VS (Auditor, On 09-06-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Jayan VS (Auditor, On 09-06-2022)<br>Last Updated By: Jayan VS (Auditor, On 14-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Jayan VS (Auditor, On 11-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Jayan VS (Auditor, On 11-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Jayan VS (Auditor, On 11-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Jayan VS (Auditor, On 11-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 06.02.19 ലെ തീരുമാനം 2പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 11.02.19ലെ ഭരണസമിതി യോഗത്തിൽ കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 1,06,37,433രൂപയും, പ്രതീക്ഷിത വരുമാനം 22,13,54,000 രൂപയും ചേർത്ത് ആകെ വരവ് 23,19,91,433രൂപയും ആകെ ചെലവ് 22,47,84,000 രൂപയും നീക്കിബാക്കി 72,07,433 രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 15.02.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. 09.03.20 ലെ യോഗത്തിലെ തീരുമാനം 1(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 13.02.20 ലെ തീരുമാനം 3പ്രകാരം അംഗീകരിച്ച) 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 1,06,37,433രൂപയും, പ്രതീക്ഷിത വരുമാനം 19,70,48,000രൂപയും ചേർത്ത് ആകെ വരവ് 20,76,85,433 രൂപയും ആകെ ചെലവ് 19,92,65,000രൂപയും നീക്കിബാക്കി 84,20,433രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്) മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | 04.02.19 | സമയപരിധി കഴിഞ്ഞ് |
| വികസനം | 02.02.19 | സമയപരിധി കഴിഞ്ഞ് |
| ക്ഷേമകാര്യം | ചേർത്തിട്ടില്ല | -- |

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്. (എന്നാൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി 2019-20 വർഷത്തെ ബജറ്റ് ഫെബ്രുവരി മാസത്തിൽ തന്നെ പരിഗണിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.)

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ റിക്കവറികൾ സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവയുടെ പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാക്കിയ ബജറ്റ് ചട്ട വ്യവസ്ഥ പാലിക്കപ്പെട്ടതല്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല

(ii) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ/ഭരണസമിതി തീരുമാന പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

09.04.19 ലെ വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം (2) പ്രകാരം, 2019-20 ലെ പദ്ധതികൾ വെറ്റിങ്ങിന് അയച്ചിട്ടുള്ള വിവരം യോഗം വിലയിരുത്തുകയും വികസനഫണ്ട് ജനറൽ ഇനത്തിൽ 35,33,000രൂപ കുറവ് വന്നതിൽ യോഗം ആശങ്ക രേഖപ്പെടുത്തുകയും ചെയ്തിരുന്നു എങ്കിലും ബജറ്റ് പുതുക്കിയില്ല.

31.05.19 ലെ വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 2(2) പ്രകാരം, 2019-20 ലെ ബജറ്റ് അലോക്കേഷൻ വ്യത്യാസം വന്നതിനാലും സ്പിൽ ഓവർ പദ്ധതി 20% ലിമിറ്റ് ചെയ്തതിനാലും 16പ്രോജക്ടുകൾ ബഹുവർഷപദ്ധതികൾ ആക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 09.03.20 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ 1(1) അനുസരിച്ച് 2019-20 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. ഇപ്രകാരം 2019-20സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രം ബജറ്റ് പുതുക്കുന്നത് (യഥാസമയം പുതുക്കാതെ) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൌണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 11.01.2021 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,85,88,925 |

| | |
|---|---|
| വരവ് | 7,73,33,539 |
| ആകെ | 10,59,22,464 |
| ചെലവ് | 6,98,58,288 |
| നീക്കിയിരിപ്പ് | 3,60,64,176 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,56,85,857 | 1,56,85,857 | 1,46,96,380 | 9,89,477 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1,30,40,059 | 1,30,40,059 | 1,08,86,087 | 21,53,972 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 94,97,000 | 94,97,000 | 55,39,993 | 39,57,007 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 46,88,000 | 46,88,000 | 25,05,686 | 21,82,314 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,23,51,045 | 1,23,51,045 | 75,11,755 | 48,39,290 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 3,27,55,250 | 3,27,55,250 | 3,27,55,250 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4031 | 18,49,431 | 18,53,462 | 11,14,982 | 7,38,480 |
| | ആകെ | 4031 | 3,46,04,681 | 3,46,08,712 | 3,38,70,232 | 7,38,480 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 8,79,41,225 | 172 | 4,92,94,930 | 31 | 27 | 74.78% |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 82,440 | 99 |
| കർഷകതൊഴിലാളി പെൻഷൻ | 29,64,000 | 440 |
| വിധവാപെൻഷൻ | 88,15,200 | 1455 |
| വാർദ്ധക്യകാലപെൻഷൻ | 1,45,89,600 | 2390 |
| വികലാംഗപെൻഷൻ | 23,79,700 | 415 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 14,98,200 | 255 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,70,000 | 9 |

## 1-7 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.06.2022 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,320/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-9-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}.

### 1-9-2 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

01.04.2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 159 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-9-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1തൻവർഷം

1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻക്കൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 2241717 | 2119145 | 65203 | 63361 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2241717 | 2219258 | 11970 | 11963* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection - PT On Res. Bldg - ന്റെ ലെഡ്ജർ) | *(12561/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1604529 | 1427954 | 16711 | 165148 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1604529 | 1329099 | 1658 | 274150* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(287858/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2കുടിശ്ശിക

2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 14573 | 5160 | 9417 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 9433 | 5160 | 4270* |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (2368+7537=9905/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | *(4483/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 165540 | 66600 | 98940 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 165543 | 66600 | 98890* |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (30860+142960=173820/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | *(103834/105X100)=98890, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 114854 | 754 | 115608 | 108039 | 264 | 108303 | 3691 | | 3276 | 487 | 3980 |
| | നോൺ-റെസിഡൻഷ്യൽ | 81630 | 8280 | 89910 | 71957 | 3330 | 75287 | 866 | | 8463 | 4950 | 13725 |
| | ആകെ | 204518 | | | 183590 | | | 4557 | | 17705 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 205249 | | | 183974 | | | | | 21275 | | |
| | | 8765+196484 =(2018-19ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies ലെഡ്ജർ | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt Cess/levies ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | 2019-20) | | | | |

4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെട്ടന്നില്ല (ഉദാ: 1.1, 1.2, 2.1, 2.2, 3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

5. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 183974 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 183590 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 201863 രൂപയാണ്. {വൌച്ചർ നം. 41900323 (112782+67544+262+21275=201863)} (പട്ടിക 3 കാണുക )

6. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 408736 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 19464 (408736/105X5 ) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 21275 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-9-4 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)}. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 28,320 | 01.04.2019 | 41900007 |
| 2. | തൊഴിൽ നികുതി (ട്രേഡേഴ്സ്) | 110200101-Profession Tax Institutions/Traders | 4,10,000 | 01.04.2019 | 41900005 |
| | | | 5,390 | | 41900328 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-9-5 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല

2019-20 വർഷത്തെ Income And Expenditureപത്രിക പ്രകാരം 7164203 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

31/03/2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം Plant & Machinery എന്ന ആസ്തികൾക്ക് 256270/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/03/2020 ലെ Accumalated Depreciation 304418 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക അടുത്ത വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-9-6 കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച് ) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-9-7 തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 34608712 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ വിവിധ റോഡുകൾ

നിർമിക്കുന്നതിനുള്ള 4291580/- രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | അച്ചായൻകട്ട ലിങ്ക് റോഡ് കോൺക്രീറ്റ് ചെയ്യൽ | 208520 |
| 2 | ആശാരി മണി റോഡ് കോൺക്രീറ്റ് ചെയ്യൽ | 227990 |
| 3 | കക്കാട്ടുപടി റോഡ് കോൺക്രീറ്റിംഗ് | 237900 |
| 4 | ഹിൽസിറ്റി റോഡ് കോൺക്രീറ്റിംഗ് | 367660 |
| 5 | മിനി നഗർ ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 394110 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 4291580/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 4291580/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-9-8 വായ്പാ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ലെഡ്ജർ പ്രകാരം വായ്പ ഇനത്തിൽ തൻവർഷം 8,00,000/- രൂപ വരവും 13,73,529/- രൂപ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. 31/3/2020 ൽ 5510551 രൂപ KURDFC യ്ക്ക് തിരിച്ചടക്കാൻ ബാക്കിയുമുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-9-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-9-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7475251 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5995258 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-9-11 വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.

31/03/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-9-12 ജേണൽ വൌച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/03/2020 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200101-Prior Period Income-Rent From Building | (1632) |
| 280100102-Prior Period Income-Profession Tax-Institutions/Traders | (5600) |

## 1-9-13 Capital Work In Progress എന്ന ശീർഷകത്തിൽ തുക കുറവായി രേഖപ്പെടുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/03/2020 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/03/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 18,99,500/- രൂപയാണ്. എന്നാൽ 31/03/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 6,33,206/- രൂപയാണ്. പണി പൂർത്തീകരിക്കുന്നതിന്

മുൻപേ ആസ്തിയാക്കി മാറ്റുന്നത് അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-9-14 മുൻകൂർ തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 177380 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 81400 |

## 1-9-15 സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവ് GO(Rt)No.2772/2019/Fin, 03.04.2019, GO(Rt)No.6105/2019/Fin, 01.08.2019, GO(Rt)No.10050/2019/Fin, 21.12.2019 എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിൽ മൂന്ന് ഗഡുക്കളിലായി 1,61,57,000/- (53,85,700+5385700+5385600) രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിക്കുമ്പോൾ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ട (TC) തുക സഹിതമാണ് പഞ്ചായത്തിന് അറ്റ തുകയായി അനുവദിക്കുന്നത്. ഈ അറ്റ തുകയാണ് പഞ്ചായത്ത് ACR പ്രകാരം വികസന ഫണ്ട് ജനറൽ ഇനത്തിലെ വരവായി ചേർത്തിരിക്കുന്നത്. എന്നാൽ അംഗൻവാടി TC ഇനത്തിൽ 3,94,200/- രൂപ മൂന്ന് പ്രാവശ്യം സുലേഖ പത്രികയിൽ ചെലവ് ബുക്ക് ചെയ്തിട്ടുള്ളതും ACR പത്രികയിലെ Allocation പ്രകാരം ഒരു പ്രാവശ്യം മാത്രം ചേർക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം ചെയ്തതിനാൽ സുലേഖയിൽ ബുക്ക് ചെയ്തിരിക്കുന്ന ചെലവ് ACR ചെലവിനേക്കാൾ കൂടിയാണ് (394200x2=788400) നിൽക്കുന്നത്.

2) സർക്കാർ ഉത്തരവ് പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിലെ തുക അനുവദിക്കുമ്പോൾ രണ്ട് ഗഡുക്കളിലായി 4,70,588/- (235294x2=470588) രൂപ പഞ്ചായത്തിന്റെ ലൈഫ് വിഹിതമായി സർക്കാരിലേക്ക് അടവാക്കേണ്ട തുക ഉത്ഭവത്തിൽ നിന്ന് തന്നെ കുറവ് ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്. ഈ തുക കഴിച്ചുള്ള തുക മാത്രമാണ് ഓരോ പ്രാവശ്യവും അറ്റ തുകയായി പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ചുള്ള അറ്റ തുക മാത്രമാണ് ACR പത്രികയിൽ പഞ്ചായത്ത് ബുക്ക് ചെയ്തിട്ടുള്ളത്. ഇപ്രകാരം ഉത്ഭവത്തിൽ നിന്നും ക്രമീകരിച്ച തുക സുലേഖ പത്രികയിൽ ചെലവായി ബുക്ക് ചെയ്തിട്ടുള്ളതും ACR പത്രികയിലെ Allocation ൽ ചേർത്തിട്ടില്ലാത്തതുമാണ്. ആയതിനാൽ ഈ ചെലവ് തുകയും സുലേഖ പത്രികയിൽ ACR ലെ തുകയേക്കാൾ കൂടി നിൽക്കുന്നു.

3) സർക്കാർ ഉത്തരവ് പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിലെ തുക അനുവദിക്കുമ്പോൾ KSEB കടിശ്ശിക എന്ന ഇനത്തിൽ 555/- രൂപ ഉത്ഭവത്തിൽ നിന്ന് തന്നെ കുറവ് ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്. ഈ തുക കഴിച്ചുള്ള തുകയാണ് അറ്റ തുകയായി പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ചുള്ള അറ്റ തുക മാത്രമാണ് ACR പത്രികയിൽ പഞ്ചായത്ത് ബുക്ക് ചെയ്തിട്ടുള്ളത്. ഈ തുകയ്ക്ക് ജി.ഒ പ്രൊജക്ട് വച്ചിട്ടില്ലാത്തതിനാൽ ACR പ്രകാരമുള്ള ചെലവ് പത്രികയിലും സുലേഖ പത്രികയിലും ഉത്ഭവത്തിൽ നിന്നും ക്രമീകരിച്ച പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ഇപ്രകാരം പഞ്ചായത്തിന്റെ ബാധ്യതാ തുകയായ 555/- രൂപ സർക്കാർ ഉത്ഭവത്തിൽ ക്രമീകരിച്ചത് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്.

മേൽ പ്രസ്താവിച്ച പ്രകാരമുള്ള വ്യത്യാസം എസ്.സി.പി ഫണ്ടിനത്തിലും സംഭവിച്ചിട്ടുണ്ട്. സാങ്കേതികമായ അപാകതകൾ മൂലം ഇത്തരം അപാകതകൾ സംഭവിക്കുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9-16 ചെലവ് തുക സുലേഖ പത്രിയിൽ ഉൾപ്പെട്ടിട്ടില്ല.

വൗച്ചർ നമ്പർ 21901363/28.12.2020 പ്രകാരം 29/20 നമ്പർ പ്രൊജക്ടിനായി എസ്.എൽ.ബി.പി യ്ക്ക് 5,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ സുലേഖ പത്രികയിൽ ഈ ചെലവ് ഉൾപ്പെട്ടിട്ടില്ല. അപാകതക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമ പഞ്ചായത്തിൽ ജോയിന്റ് കമ്മിറ്റികൾ രൂപീകൃതമായിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 165 ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് അധികാരം നൽകുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ ഇപ്രകാരം ജോയിന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.01/06.06.22) ലഭ്യമാക്കിയ മറുപടി അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-11 പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരുപദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4) ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, ഗ്രാമ പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.02/06.06.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്രകാരം ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം വ്യവസ്ഥപ്പെടുത്തലുകൾ സഹായകരമാകുമെന്നതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ തുടർനടപടി അത്യന്താപേക്ഷിതമാണ്.

## 1-12 ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 192(1) ാം വകുപ്പ് പ്രകാരം, ഓരോ പഞ്ചായത്തും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്തംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം പഞ്ചായത്തിന് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വയ്ക്കാവുന്നതുമാണ്. അതിനാൽ 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.03/06.06.22) ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്ത് ഭരണത്തെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി ഗൂഗിൾ ഷീറ്റ് മുഖേന സമർപ്പിക്കുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് പ്രസിദ്ധപ്പെടുത്തുന്നതിന് നടപടിയുള്ളതായി അറിയിച്ചിട്ടില്ല. അതിനാൽ ഓഡിറ്റ് കാലയളവിൽ ഇപ്രകാരം ഒരു റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയിട്ടില്ല എന്നാണ് കാണുന്നത്. നിയമവ്യവസ്ഥ പാലിക്കാൻ ഗ്രാമ പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം ( ചട്ടം 3 പ്രകാരം ) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം (പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം ) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 08/07.06.22) മറുപടി ലഭ്യമാക്കുകയുണ്ടായി. അതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവുചെലവു കണക്കുകളും സെക്രട്ടറി മാസാമാസം ഗ്രാമ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സമർപ്പിച്ചതായി രേഖകൾ ഇല്ലാത്തതാണ്. ചട്ടം 3 പ്രകാരം പ്രസ്തുത ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒന്നാണ്. ചട്ടം 6(2) പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ കാലാകാലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റ് വരവുചെലവുകളുടെ കാര്യത്തിലെന്നപോലെ അതേ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതായുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി സംബന്ധിച്ച വരവുചെലവു കണക്കുകൾ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കുകയോ, അയച്ചുതരികയോ ചെയ്തിട്ടില്ലാത്തതാണ്. ചട്ടം 7 പ്രകാരം വിവരങ്ങൾ പരസ്യപ്പെടുത്തിയതിന് രേഖകൾ ഇല്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ വിനിയോഗവും നിയന്ത്രണവും ചട്ടവ്യവസ്ഥകൾ പാലിച്ചുകൊണ്ടാകേണ്ടതുണ്ട്. ചട്ടവ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

## 1-14 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2019-20 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം. 13തീ. 09.06.2022 ) നൽകിയതിന് മറുപടി ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന

തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(Ii) 31.05.19ലെ ഭരണസമിതി തീരുമാനം 1(2) താഴെ ചേർക്കുന്നു.

"എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി 18/19 ൽ ഉൾപ്പെട്ടതും 19/20 ൽ സ്പിൽ ഓവർ പദ്ധതിയായ് ഉൾപ്പെടുത്തേണ്ടതുമായ മുരിങ്ങത്തേരികോളനി കിണർ നിർമ്മാണം പദ്ധതിയിൽ നിർമ്മാണം നടക്കേണ്ട സ്ഥലത്ത് വാഹനങ്ങൾ എത്താതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കില്ല എന്ന കരാറുകാരൻ അറിയിച്ചത് പ്രകാരം എ. ഇ നൽകിയ റിപ്പോർട്ട് യോഗം ചർച്ച ചെയ്തു. മേൽ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കില്ല എങ്കിൽ മുരിങ്ങത്തേരി കോളനിയിൽ തന്നെയുള്ള മറ്റൊരു കിണറിന്റെ നിർമ്മാണ പ്രവർത്തനത്തിനും റിംഗ് ഇറക്കുന്നതിനും പ്രസ്തുത തുക ഉപയോഗിക്കത്തക്ക രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസി. എൻജിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു "

(Iii) 24.09.19ലെ ഭരണസമിതി തീരുമാനം 10(1) താഴെ ചേർക്കുന്നു.

"എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ജലാശയങ്ങളെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കത്ത് യോഗം പരിശോധിച്ചു. ജലാശയങ്ങളെ സംബന്ധിച്ച വിവരങ്ങൾ നിലവിൽ പഞ്ചായത്തിൽ ഇല്ല എന്ന വിവരം ബന്ധപ്പെട്ട ഓഫീസിൽ അറിയിക്കുന്നതിനും എല്ലാ ജലാശയങ്ങളേയും ഉൾപ്പെടുത്തി ഡിജിറ്റൽ സർവ്വേ നടത്തുന്നതിനും യോഗം തീരുമാനിച്ചു." തുടർവിവരം ലഭ്യമല്ല.

(Iv) 16.03.20ലെ ഭരണസമിതി തീരുമാനം 2(6) താഴെ ചേർക്കുന്നു.

"എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതി 19/20 പ്രവൃത്തി നമ്പർ 182/20 ബഡ്സ് സ്കൂൾ അധിക സൗകര്യം ഒരുക്കൽ രണ്ടാം ഘട്ടം പ്രവൃത്തി 2017/18 വർഷാവസാനം എഗ്രിമെന്റ് വെച്ച് നിർവഹണം ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട മതിൽ നിർമ്മാണം തദ്ദേശ വാസികളുടെ എതിർപ്പിനെ തുടർന്ന് ഭാഗീകമായി തടസപ്പെടുകയായിരുന്നു. ഇക്കാരണത്താൽ മതിൽ നിർമ്മാണവും ടോയ്ലറ്റ് നിർമ്മാണവും ഒഴിവാക്കി പകരമായി കെട്ടിടത്തിലെ കേടുവന്ന നിലം ടൈൽ ഇട്ട് ഉപയോഗ യോഗ്യമാക്കുന്നതിന് എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തി അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന അസി എൻജിനിയറുടെ കത്ത് വായിച്ചു. അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസി. എൻജിനയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു"

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-15 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ MORDഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ MORDഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാനുവൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/09.06.22)

## 1-16 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്യുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

3) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—ചില കരാറുകളിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തിയ ചില പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്. ഉദാഹരണത്തിന് 1) പ്രോജക്ട് നംപർ 164/20 നാണിക്കുന്ന് മുസ്ലിംപള്ളി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് 2) പ്രോജക്ട്

നംപർ 52/20 ചിറ്റണ്ട ചാത്തംകുളം റോഡ് റീ ടാറിംഗ്

4) പ്രവൃത്തികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട പരിശോധനയിൽ ആസ്തിയുടെ യുണീക്ക് നംപർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് 1) പ്രോജക്ട് നംപർ 164/20 നാണിക്കുന്ന് മുസ്ലിംപള്ളി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് 2) പ്രോജക്ട് നംപർ 197/20 മനയ്ക്കപ്പടി ലിങ്ക് റോഡ് റീ ടാറിംഗ് & സൈഡ് കെട്ട്

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/09.06.22)

## 1-17 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് അപേക്ഷകൾ പൂർണ്ണമല്ല.

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. മിക്ക അപേക്ഷകളിലും മൂലധനനിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ഇത്തരത്തിലുള്ള അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. അപേക്ഷകൾ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ളവയാണെന്ന് ഉറപ്പാക്കേണ്ടതും ലൈസൻസ് ഫീസ് ആയതിനനുസൃതമായി ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 31/13/06.2022 )

## 1-18 ഉപയോഗ ശൂന്യമായ വസ്തുക്കളുടെ ലേലം- തുക വരവ് വെച്ചിട്ടില്ല.

1. എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 16-06-2020 ലെ 8(1) തീരുമാന പ്രകാരം എൽ പി സ്കൂളിലേയും മങ്ങാട് 11ാം നമ്പർ അംഗൻവാടിയിലേയും ഉപയോഗ ശൂന്യമായ വസ്തുക്കൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ലേലം 21.07.2020 ന് ലേലം ഉറപ്പിച്ചിട്ടുണ്ടെങ്കിലും ലേല സംഖ്യ അടവാക്കിയതായി കാണുന്നില്ല. 27.07.2020 ലെ 6ാം നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് കമ്മിറ്റി ലേലം അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| എൽ.പി സ്കൂളിലെ ഉപയോഗ ശൂന്യമായ വസ്തുക്കളുടെ ലേലം | ലേലം ഉറപ്പിച്ച തുക – 12,200 |
| മങ്ങാട് 11ാം നമ്പർ അംഗൻവാടിയിലെ ഉപയോഗ ശൂന്യമായ വസ്തുക്കളുടെ ലേലം | 2,000 |

എന്നാൽ ലേല രജിസ്റ്ററിൽ മേൽ ലേലങ്ങളുമായി ബന്ധപ്പട്ട തുക വരവുവെച്ചതായി കാണിച്ചിട്ടില്ല. ലേലം നടന്നിട്ടുണ്ടെങ്കിൽ തുക വരവ് വെച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം 25/10.06.2022) മറുപടി നല്കിയിട്ടില്ല.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256 വകുപ്പ് പ്രകാരം പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാറിന്റെ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്ത് ലേലം സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകരിക്കേണ്ടതാണ്.

## 1-19 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.

2019-20 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, രജിസ്റ്ററിൽ അപേക്ഷകനിൽ നിന്നും ഈടാക്കിയ ഫീസ്, രശീതി നമ്പർ, പണി പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കെട്ടിട നമ്പർ , സ്ഥാപന മേധാവിയുടെ ഒപ്പ് എന്നിവയില്ല. രജിസ്റ്ററിൽ ഈടാക്കിയ ഫീസിന്റെ വിവരങ്ങൾ ഇല്ലാത്തതിനാൽ ഫീസിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് നം.12900/ആർ.എ.1/2015/തസ്വഭവ. തീയതി 02.12.2015 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുന്നത് മുതൽ കെട്ടിടനിർമ്മാണം പൂർത്തിയായി ഒക്യുപൻസി നൽകുന്നത് വരെ അപേക്ഷയിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. രജിസ്റ്റർ ക്രമ പ്രകാരം സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി32/13.06.2022) രജിസ്റ്ററിന്റെ കുറ്റമറ്റ രീതിയിലുള്ള പരിപാലനം ഉറപ്പു വരുത്തേണ്ടതാണ്.

## 1-20 റോഡ് കട്ടിംഗ് ഫീസ് കുറവ് ഈടാക്കി

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ഭാരതി എയർടെൽ ലിമിറ്റഡ് ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിനായി എരുമപ്പെട്ടി – കടങ്ങോട് – കരിയന്നൂർ റോഡ് മുറിക്കുന്നതിനും പുനർനിർമ്മാണ നടത്തുന്നതിനുമായി 20.11.2019 ൽ ടെലിസോണിക് നെറ്റ് വർക്ക് ലിമിറ്റഡ്

അപേക്ഷ നൽകുകയും മേൽ അപേക്ഷ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28.01.2020 തീയതിയിലെ തീരുമാനം നം.10(1) പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 20.11.2019 ലെ അപേക്ഷ നം. AIRTEL/KER/ROW/PNCTH/KDND01/01 പ്രകാരം 700 മീറ്റർ നീളത്തിൽ റോഡ് കട്ടിംഗ് നടത്തുന്നതിനാണ് അപേക്ഷിച്ചിരുന്നത്. ഭരണസമിതി തീരുമാനത്തിലും 700 മീറ്റർ റോഡ് കട്ടിംഗിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റിൽ 500m$^2$ ബോം കട്ടിംഗിനുള്ള തുകയാണ് കണക്കാക്കിയിട്ടുള്ളത്. ആയത് പ്രകാരം ചതുരശ്രമീറ്ററിന് 329.97 രൂപ നിരക്കിൽ 1,64,985/- രൂപയാണ് രശീതി നം. 119040400013/18.02.2020 പ്രകാരം ഈടാക്കിയിട്ടുള്ളത്. എന്നാൽ 30.03.2019 ലെ ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം. CE/R&B/GL-RC/2/2019 പ്രകാരം ബോം കട്ടിംഗിനുള്ള നിരക്ക് ചതുരശ്ര മീറ്ററിന് 359.85 രൂപയാണ്. ഇത് പ്രകാരം പ്രസ്തുത റോഡ് കട്ടിംഗിന് ഈടാക്കേണ്ട തുക (700m$^2$ @ 359.85 =) 251895 രൂപയാണ്. കുറവായി ഈടാക്കിയ 86,910/- രൂപ പഞ്ചായത്ത് രാജ് നിയമത്തിലെ 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കേണ്ടതും വിവരം അറിയിക്കേണ്ടതാണ്.

## 1-21 കാലിത്തീറ്റ വിതരണം ചെയ്തതിന്റെ ഇൻവോയ്സ് ഹാജരാക്കിയില്ല

കറവപ്പശു കാലിത്തീറ്റ (ജനറൽ &എസ്.സി)
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ
പ്രൊജക്ട് നം. 30/20 (ജനറൽ), 31/20 (എസ്.സി)

ഗ്രാമപഞ്ചായത്തിലെ വനിതാ ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കേരള ഫീഡ്സ് കല്ലേറ്റുംകരയിൽ നിന്നും മങ്ങാട് പാൽ സൊസൈറ്റി മുഖേന കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പ്രൊജക്ടാണിത്. സുലേഖ പത്രിക പ്രകാരം ഈ പ്രൊജക്ടുകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | ജനറൽ (30/20) | | എസ്.സി (31/20) | |
|---|---|---|---|---|
| സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് |
| വകയിരുത്തിയത് | 600000 | 600000 | 270000 | 90000 |
| ചെലവ് | 492500 | 600000 | 176416 | 58804 |

മേൽപ്പറഞ്ഞ പ്രൊജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള ഫീഡ്സ് കല്ലേറ്റുംകരയ്ക്ക് കൈമാറിയ തുകയുമായി ബന്ധപ്പെട്ട ഇൻവോയ്സുകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല.

| ജനറൽ | | | | |
|---|---|---|---|---|
| ഹാജരാക്കിയ ഇൻവോയ്സ് നം | തുക | വികസനഫണ്ടിൽ നിന്നും കൈമാറിയ തുക | ഗുണഭോക്തൃവിഹിതമിനത്തിൽ കൈമാറിയ തുക | കുറിപ്പ് |
| KFLPI-19-20-022326/29.8.19 | 290360 | 122000 (വൗച്ചർ നം-21901135/18.9.19) | 122000 (Chq.no.3990792/19.9.19) | |
| KFLPI-19-20-027332/11.10.19 | 122000 | 61000 (വൗച്ചർ നം-21901170/29.10.19) | 122000 (Chq.no.3990800/30.10.19) | |
| KFLPI-19-20-027331/11.10.19 | 122000 | 61000(വൗച്ചർ നം-21901168/29.10.19) | 133590(chq.no.1612941/16.12.19) 133590-11590=122000 | 11590/- രൂപ എസ്.സി ,പ്രൊജക്ടിലെ ഗുണഭോക്തൃവിഹിതം |
| KFLPI-19-20-31882/16.11.19 | 122000 | 61000(വൗച്ചർ നം-21901181/26.11.19) | 63250(chq.no.2292016/3.2.20) | |
| | | 61000(വൗച്ചർ നം-21901182/26.11.19) | 63250(chq.no.2292017/3.2.20) | |
| | | 63250(വൗച്ചർ നം-21901430/15.1.20) | 72750(chq.no.2253037/11.3.20) | |
| | | 63250(വൗച്ചർ നം-21901441/15.1.20) | 72750(chq.no.2253036/11.3.20) | |
| ആകെ | 656360 | 492500 | 638000 | |

| എസ്.സി | | | | |
|---|---|---|---|---|
| ഇൻവോയ്സ് നം | തുക | വികസനഫണ്ടിൽ നിന്നും കൈമാറിയ തുക | ഗുണഭോക്തൃവിഹിതമിനത്തിൽ കൈമാറിയ തുക | കുറിപ്പ് |

| | | | | |
|---|---|---|---|---|
| KFLPI-19-20-022326/29.8.19 | 290360 | 34770(വൗച്ചർ നം-21901136/18.9.19) | 12017(chq.no.2353038/11.3.20) | ഒരേ ഇൻവോയ്സ് (ജനറൽ ) |
| KFLPI-19-20-027333/11.10.19 | 46360 | 34770(വൗച്ചർ നം-21901169/29.10.19) | 11590(chq.no.3990793/19.9.19)<br>11590(chq.no.0704661/30.10.19)<br>12017(chq.no.2292018/3.2.20) | |
| KFLPI-19-20-031384/16.11.19 | 46360 | 34770(വൗച്ചർ നം-21901180/26.11.19) | 133590-122000=<br>11590(chq.no.1612941/16.1219) | 122000/- രൂപ ജനറൽ പ്രൊജക്ടിലേത് |
| KFLPI-19-20-039378/1.1.20 | 48070 | 36053(വൗച്ചർ നം-21901287/15.1.20)<br>36053(വൗച്ചർ നം-21901301/15.2.20) | | |
| | 431150-290360=<br>140790 | 176416 | 58804 | |
| ആകെ | 656360+140790=797150 | 492500+176416=668916 | 638000+58804=696804 | |

വികസനഫണ്ട്, ഗുണഭോക്തൃവിഹിതം ഇനത്തിൽ ആകെ 1365720/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും 797150/- രൂപയുടെ ഇൻവോയ്സുകളാണ് ഫയലിലുള്ളത്. മേൽ തുക കൈമാറിയതുമായി ബന്ധപ്പെട്ട മുഴുവൻ ഇൻവോയ്സുകളും ഹാജരാക്കേണ്ടതാണ്.

2. കറവപ്പശു കാലിത്തീറ്റ(ജനറൽ) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിലെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 600000/- രൂപയാണ്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 638000/- രൂപ അനുവദിച്ചിട്ടുണ്ട്. തുകയിൽ വ്യത്യാസം വന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

3. ഒരു ഗുണഭോക്താവിന് പ്രതിമാസം 100 കി.ഗ്രാം വീതം 5 മാസങ്ങളിലായാണ് കാലിത്തീറ്റ വിതരണ പ്രൊജക്ട് നടപ്പാക്കിയത്. (2019 സെപ്തംബർ, ഒക്ടോബർ, നവംബർ, ഡിസംബർ & 2020 ജനവരി). കാലിത്തീറ്റ വിതരണത്തിനായി മങ്ങാട് പാൽ സൊസൈറ്റിയെ കരാർ മുഖേന ഏൽപ്പിച്ചുവെങ്കിലും ഗുണഭോക്താക്കൾക്ക് തീറ്റ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട നാൾവഴി രജിസ്റ്റർ ഹാജരാക്കിയില്ല.

4. കേരള ഫീഡ്സുമായി ഏർപ്പെട്ട കരാർ ഉടമ്പടി വ്യവസ്ഥ 9 പ്രകാരം കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധച്ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് 30/- രൂപ നിരക്കിൽ കൈകാര്യ ചെലവ് നൽകുന്നതായിരിക്കും. ഈ തുക കാലിത്തീറ്റ വിതരണ പദ്ധതി പൂർത്തീകരിച്ച് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നൽകുന്നതുമായിരിക്കും. ഈ വ്യവസ്ഥയനുസരിച്ച് കൈകാര്യചെലവ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തുക ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

5. കേരള ഫീഡ്സിന്റെ 30/11/19 ലെ KFL/430/99/6049/19 കത്തു പ്രകാരം 5,52,131/- രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/13.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച വിവരങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 കന്ന്കുട്ടി പരിപാലന പദ്ധതി - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

കന്നുകുട്ടി പരിപാലനം

പ്രൊജക്ട് നം.29/20

അടങ്കൽ- വികസന ഫണ്ട്-500000, ഗുണഭോക്തൃവിഹിതം-1000000, സംസ്ഥാനാവിഷ്കൃതം-500000

ആകെ- 2000000

ചെലവ്- വികസന ഫണ്ട്-500000

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിൽ മേൽ പ്രൊജക്ട് ഉൾപ്പെട്ടിട്ടില്ല. എന്നാൽ വൗച്ചർ പ്രകാരം (നം.21901363/28.12.19) 500000/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നം. 713011400000034) കൈമാറിയിട്ടുണ്ട്. 12/10/2021 ൽ അവസാനിച്ച ഈ പദ്ധതിയുടെ ധനവിനിയോഗസാക്ഷ്യപത്രം 5/6/22 ൽ മൃഗസംരക്ഷണവകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്ര പ്രകാരം 2018-19, 2019-20 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് കൈമാറിയ തുകയിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2018-19 | 11773 |
| 2019-20 | 9606 |

മേൽ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുക തിരികെ ലഭ്യമാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2019-20 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ സുലേഖ സ്റ്റേറ്റ്മെന്റിൽ മേൽ പ്രൊജക്ട് ഉൾപ്പെട്ടിട്ടില്ല. ഇപ്രകാരം ചെലവ് പത്രികയിൽ ഉൾപ്പെടാതിരുന്നതിന്റെ കാരണം കണ്ടെത്തി ആയത് ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം നം. 30/13.06.2022)

## 1-23 സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രൊജക്ട് തയ്യാറാക്കി നടപ്പാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് – 34/20, ഭിന്നശേഷിക്കാർക്ക് പെട്ടിക്കട

ചെലവ്-117000 (വികസന ഫണ്ട്)

വൗച്ചർ നം.-21901443/28.2.20-30000

21901444/28.2.20-29000

21901447/28.2.20-29000

21901468/28.2.20-29000

സബ്സിഡി ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തിയതി.14.2.18 പ്രകാരം ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട എന്ന പ്രൊജക്ട് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ജനറൽ വിഭാഗത്തിന് പരമാവധി 30000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കാവുന്നതും, പ്രസ്തുത തുക പെട്ടിക്കട നിർമ്മിച്ച് നൽകിയ /നൽകിയവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണ്. എൽ.എസ്.ജി.ഡി ഓവർസീയർ /എഞ്ചിനീയർ വാല്യുവേഷൻ എടുത്തിരിക്കണം. പെട്ടിക്കട പുതുതായി നിർമ്മിച്ചതാകണം. എന്നാൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം ലഭിച്ച പ്രൊജക്ടിൽ പ്രൊജക്ടിന്റെ ലക്ഷ്യം – ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലിനു വേണ്ടി അവരെ പ്രാപ്തരാക്കുക. പെട്ടിക്കട നിർമ്മിച്ചതിനു ശേഷം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നു. എൽ.എസ്.ജി.ഡി ഓവർസീയർ /എഞ്ചിനീയർ വാല്യുവേഷൻ എടുത്തിരിക്കണം.
സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്.

2) ഷൈജു.പി.എസ്, മെൽവിൻ.എം.വി, ഉസ്മാൻ മൊയ്തുണ്ണി, എന്നീ മൂന്നു ഗുണഭോക്താക്കൾക്ക് 29000/-- രൂപ വീതവും മണി.കെ.എ എന്നവർക്ക് 30000/- രൂപയും ആയി സബ്സിഡി തുക നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

3) സ്വയം തൊഴിൽ സംരംഭത്തിന് മുമ്പ് ധനസഹായം ലഭിച്ചവരായിരുന്നോ എന്ന് ഉറപ്പാക്കിയതിന് രേഖകളില്ല.

മേൽ പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രൊജക്ട് തയ്യാറാക്കിയതിനും, സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്ത രേഖകൾ പൂർണ്ണമായും ഹാജരാക്കാതെ ധനസഹായം അനുവദിച്ചതിനും തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുകയായ 1,17,000/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 15/09.06.2022)

## 1-24 പാലിയേറ്റീവ് സാന്ത്വന പരിചരണ പരിപാടി – മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രൊജക്ട് നം. 40/20, പാലിയേറ്റീവ് സാന്ത്വന പരിചരണ പരിപാടി
ചെലവ് തുക – 10,01,999/- (വികസന ഫണ്ട്, ജനറൽ – 9,02,000/-, ജില്ലാ പഞ്ചായത്ത് വിഹിതം – 99,999/-)
വൗച്ചർ നമ്പർ – 21900608/25.07.2019, തുക – 4,49,938/-
വൗച്ചർ നമ്പർ – 21901385/28.11.2020, തുക – 99,999/-
മരുന്നിനായി KMSCL ന് പ്രൊഫോർമ ഇൻവോയ്സ് നം. PRF 454/20.07.2019 പ്രകാരം 4,49,938/- രൂപയും പ്രൊഫോർമ ഇൻവോയ്സ് നം. PRF 2206/07.11.2019 പ്രകാരം 99,999/- രൂപയും കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/07.06.2022 ന് മറുപടിയായി KMSCL ൽ നിന്നും മരുന്ന് വാങ്ങുന്നതിന് NAC ആവശ്യമില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. സ.ഉ(കൈ) നം.22/2018/തസ്വഭവ, തീ.14.02.2018 ഖണ്ഡിക 7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിന് വേണ്ടി തുക ചെലവഴിക്കാനോ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്രകാരം മരുന്നിന് തുക നൽകിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 സെക്രട്ടറി നടപ്പാലാക്കിയ പദ്ധതികൾ – വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | വൗച്ചർനം./തീയതി, | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 2/20 -IKM വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | 21901145/26.09.19 | 1,04,120/- | ഇൻഫർമേഷൻ കേരള മിഷൻ |
| 2 | 51/20- കാൻ ,തൃശ്ശൂർ (വികസന ഫണ്ട് ജനറൽ) | 21901144/26.09.19 | 80,000/- | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |

| | | | | |
|---|---|---|---|---|
| 3 | 21/20- സാമൂഹ്യസുരക്ഷാമിഷൻ ധനസഹായം (വികസന ഫണ്ട് ജനറൽ) | 21900596/15.07.19 | 1,00,000/- | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 4 | 219/20- നെല്ലുവായ് തെക്കുമുറി കുടിവെള്ള പദ്ധതി (വികസന ഫണ്ട് എസ്.സി.പി) | 21901347/15.11.19 | 3,13,427/- | ഭൂജല വകുപ്പ് |
| 5 | 217/20- മുരിങ്ങത്തേരി എസ്.സി കുടിവെള്ള പദ്ധതി (വികസന ഫണ്ട് എസ്.സി.പി) | 21901348/15.11.19 | 1,04,481/- | ഭൂജല വകുപ്പ് |
| 6 | 218/20- മുരിങ്ങാത്തേരി-രാജീവ് ഗാന്ധി എസ്.സി കുടിവെള്ള പദ്ധതി (വികസന ഫണ്ട് എസ്.സി.പി) | 21901349/15.11.19 | 2,15,298/- | ഭൂജല വകുപ്പ് |
| 7 | 108/20- തെക്കേക്കര കുടിവെള്ള പദ്ധതി (ധനകാര്യ കമ്മീഷൻ അവാർഡ്) | 21901450/03.01.20 | 4,55,162/- | ഭൂജല വകുപ്പ് |
| 8 | 39/20- നെല്ലുവായ് ക്ഷേത്ര പരിസര കുടിവെള്ള പദ്ധതി (ധനകാര്യ കമ്മീഷൻ അവാർഡ്) | 21901356/28.12.19 | 5,00,000/- | ഭൂജല വകുപ്പ് |
| 9 | 106/20- മങ്ങാട് സെന്റർ കുടിവെള്ള പദ്ധതി (ധനകാര്യ കമ്മീഷൻ അവാർഡ്) | 21901464/24.01.20<br>21901357/28.12.19 | 5,00,000/-<br>2,00,000/- | ഭൂജല വകുപ്പ് |
| 10 | 26/20-സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് തുക നൽകൽ (ധനകാര്യ കമ്മീഷൻ അവാർഡ്) | 21901437/03.01.20 | 1,69,306 | K.S.E.B, വടക്കാഞ്ചേരി |

മേൽ പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 09/08.06.2022)

## 1-26 പത്രപരസ്യ ചാർജ്ജ് - സർക്കാർ ഉത്തരവിനനുസരിച്ചുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

| ക്രമ നം | വൗച്ചർ നം. | തീയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 21900255 | 15.06.19 | മാതൃഭൂമി | 8736 |
| 2 | 21900582 | 24.09.19 | ,, | 9408 |
| 3 | 21900745 | 30.10.19 | ,, | 6880 |
| 4 | 21900960 | 03.01.20 | ,, | 9408 |
| 5 | 21901042 | 27.01.20 | ,, | 7056 |
| | | ആകെ | | 41,488 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/08.06.2022 നുള്ള മറുപടിയിൽ ഇനി മുതൽ ഡിസ്കൗണ്ട് കഴിച്ചുള്ള തുക മാത്രമേ അനുവദിക്കുകയുള്ളൂ എന്നാണ് അറിയിച്ചിട്ടുള്ളത്. ഡിസ്കൗണ്ട് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ വരും വർഷങ്ങളിലുള്ള ബില്ലുകളിൽ ടി. തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-27 എയ്ഡഡ് സ്കൂളിൽ ടോയ് ലറ്റ് നിർമ്മാണം - മുൻഗണനാ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി B.M.P.V സ്കൂൾ ടോയ് ലറ്റ് നിർമ്മാണം (161/20 നംപർ) പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. 68663/2018-19 നംപരായി സാങ്കേതികാനുമതി ലഭിച്ച ഈ പ്രോജക്ടിന് 21900281/17.04.19 വൌച്ചർ പ്രകാരം ഡവലപ്പ്മെന്റ് ഫണ്ട് ജനറലിൽ നിന്നും 147799 രൂപ ചെലവും വന്നിട്ടുണ്ട്. കാഞ്ഞിരക്കോട് സ്ഥിതി ചെയ്യുന്ന ഒരു ഒരു എയ്ഡഡ് സ്കൂളിൽ ആണ് ഈ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും വാടക നൽകി പ്രവർത്തിക്കുന്ന അംഗൻവാടികൾ ( നംപർ 20, 23) ഈ കാലയളവിൽ പഞ്ചായത്തിൽനിലവിലുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് കെട്ടിട

സൌകര്യം ഒരുക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ വിഭാവനം ചെയ്തതായും കാണുന്നില്ല. ഇപ്രകാരം ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ തന്നെ അടിസ്ഥാനസൌകര്യം ഇല്ലാതെ പ്രവർത്തിച്ച് മുൻപോട്ട് പോകുമ്പോൾ ഒരു എയ്ഡഡ് സ്കൂളിൽ ഇപ്രകാരം ഒരു പ്രവൃത്തി ഏറ്റെടുത്ത് നിർവ്വഹിച്ചതിന്റെ മുൻഗണനാ മാനദണ്ഡം വ്യക്തമാക്കി മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നംപർ 21/10.06.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ ശുചീകരണ സൗകര്യങ്ങൾ നിലവിലുള്ളത് കൊണ്ടാണ് ഈ പദ്ധതി പ്രവർത്തനത്തിന് മുൻഗണന നൽകിയത് എന്നാണ് അറിയിച്ചത്. എന്നാൽ ജി.എൽ.പി.എസ് കട്ടഞ്ചേരി, ജി.എൽ.പി.എസ് എരുമപ്പെട്ടി എന്നീ സ്ഥാപനങ്ങളിൽ 2020-21 ൽ മാത്രമാണ് ശൗചാലയ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ആയതിനാൽ മറുപടി പരിഗണനാർഹമല്ല.

ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ തന്നെ അടിസ്ഥാനസൌകര്യം ഇല്ലാതെ പ്രവർത്തിക്കുമ്പോൾ സ്വകാര്യ വ്യക്തി മാനേജ്മെന്റ് അധികാരം വിനിയോഗിച്ച് ഭരണനിർവ്വഹണം നടത്തുന്ന ഒരു ഒരു എയ്ഡഡ് സ്കൂളിൽ ഇപ്രകാരം പദ്ധതി പണം ചെലവഴിക്കാനിടയായത് കൃത്യമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. ആയതിന്റെ അഭാവത്തിൽ, പൊതുസ്ഥാപനങ്ങളിൽ അടിസ്ഥാനസൌകര്യം ഏർപ്പെടുത്തും മുൻപെ മുൻഗണനാ മാനദണ്ഡം വ്യക്തമാക്കാതെ എയ്ഡഡ് സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണത്തിനായി തുക ചെലവഴിച്ചത് അനുചിതമാണ്. അതിനാൽ തുക ചെലവഴിച്ചതിന്റെ മുൻഗണനാ മാനദണ്ഡം വ്യക്തമാക്കി മറുപടി ലഭ്യമാക്കുന്നതു വരെ 147799 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 GST Compensation ഇനത്തിൽ തുക അനുവദിച്ചു നൽകിയത് ക്രമത്തിലല്ല

01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക(3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി GST Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ് എന്ന് ഖണ്ഡിക(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ ( ഖണ്ഡിക(4) ) നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക(3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക(3) ലെ രേഖപ്പെടുത്തൽ പ്രകാരം Bituminous Road Work ( Bitumen Contractor Supply ) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE /6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്ക് 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്. 04.04.18 ലെ സർക്കുലർ നിർദ്ദേശ പ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെട്ട SS1 Emulsion, Emulsion RS1 Packed, Bitumen VG30 Packed എന്നിവയുടെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് മേൽ വിവരിച്ച കാരണങ്ങൾ കൊണ്ടുതന്നെ 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവ് പ്രകാരം നിശ്ചയിച്ച GST Compensation ന് അർഹതയില്ലാത്തതാണ്. ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയ ഒരു പ്രവൃത്തിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നംപർ | 208/20 |
| പ്രൊജക്റ്റ് | കാഞ്ഞിരക്കോട് മോസ്കോ കണ്ണങ്ങത്ത് റോഡ് മെറ്റലിംഗ് ടാറിംഗ് |
| സാങ്കേതികാനുമതി | 25063/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/57959 Dtd.29.05.18 |
| സാങ്കേതികാനുമതി തുക | 3,83,000 രൂപ |
| കരാറുകാരൻ | ശ്രീ. സുബൈർ.എസ്.വൈ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.41% കുറവ് |
| കരാർ ഉടമ്പടി | AE/LSGD/EPTY/18-19/23 Dtd.01.08.18 |
| എം.ബുക്ക് | 75/18-19 |
| വൗച്ചർ നംപർ, തുക | 21901157/17.10.19 = 3,38,173( MG R ) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 358471.22 |
| (-) ടെണ്ടർ കിഴിവ് 8.41% | 30147.43 |
| ബാക്കി | 328323.79 ~ 328324 |
| (+) GST Compensation | 9849 |
| ആകെ | 338173 |

| | |
|---|---|
| (-) ബിറ്റുമിൻ കാലി ബാരൽ വില | 3089 |
| (-) ഫൈൻ | 6764 |
| (-) ആദായനികുതി 1% | 3382 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 3382 |
| (-) CGST 1% | 3382 |
| (-) SGST 1% | 3382 |
| കരാറുകാരന് നൽകിയത് | 314792 |

ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയ വിവിധ പ്രവൃത്തികൾ താഴെ പട്ടികപ്പെടുത്തുന്നു ( മേൽ പ്രവൃത്തി ഉൾപ്പെടെ).

| ക്രമ നംപർ | പ്രോജക്ട് നംപർ, പ്രോജക്ട്, സാങ്കേതികാനുമതി നംപർ | പ്രവൃത്തിയുടെ മൂല്യം | GST Compensation | വൌച്ചർ നംപർ, തീയതി | തുക(രൂപയിൽ) |
|---|---|---|---|---|---|
| 1 | 208/20<br>കാഞ്ഞിരക്കോട് മോസ്കോ കണ്ണങ്ങത്ത് റോഡ് മെറ്റലിംഗ് ടാറിംഗ്<br>25063/2018-19 | 328324 | 9849 | 21901157/17.10.19<br>(ട്രഷറി ബിൽ നം. 36/17.10.19) | 338173<br>(MG R) |
| 2 | 197/20<br>മനയ്ക്കപ്പടി ലിങ്ക് റോഡ് റീ ടാറിംഗ് & സൈഡ് കെട്ട്<br>65048/2018-19 | 389915 | 10085<br>(11697.45 Limited To 10085) | 21901155/17.10.19<br>(ട്രഷറി ബിൽ നം. 37/17.10.19) | 400000<br>(MG R) |
| 3 | 164/20<br>നാണിക്കുന്ന് മുസ്ലിം പള്ളി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്<br>33921/2018-19 | 453612 | 13608 | 21900278/17.04.19<br>21900691/09.10.19<br>(ട്രഷറി ബിൽ നം. 06/07.05.19)<br>(ചെക്ക് നംപർ 3990799/09.10.19) | 310184<br>(DF G)<br>157036<br>(OF) |
| 4 | 163/20<br>ചാഴിക്കുളം റോഡ് മെറ്റലിംഗ്, ടാറിംഗ്<br>15904/2018-19 | 561590 | 16848 | 21900279/17.04.19<br>21900292/01.06.19<br>21900612/27.07.19<br>(ട്രഷറി ബിൽ നം. 07/07.05.19)<br>(ട്രഷറി ബിൽ നം. 18/06.06.19)<br>(ട്രഷറി ബിൽ നം. 33/27.07.19) | 150000<br>(DF G)<br>370631<br>(CFC)<br>57807<br>(CFC) |
| 5 | 158/20<br>എരുമപ്പെട്ടി ലാൽഭവൻ റോഡ് ടാറിംഗ്<br>69477/2018-19 | 290254 | 8708 | 21900288/01.06.19<br>(ട്രഷറി ബിൽ നം. 14/06.06.19) | 298962<br>(CFC) |
| 6 | 165/20<br>കോട്ടപ്പുറം ചെങ്ങോട് കരിശുപള്ളി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്<br>20873/2018-19 | 699149 | 9993<br>(20974 Limited To 9993) | 21900290/01.06.19<br>(ട്രഷറി ബിൽ നം. 16/06.06.19) | 709142<br>(CFC) |

| | | | | | |
|---|---|---|---|---|---|
| 7 | 192/20<br>കോട്ടപ്പുറം കോളനി റോഡ് റീ ടാറിങ്ങ്<br>54498/2018-19 | 193511 | 5805 | 21900600/24.07.19<br>(ട്രഷറി ബിൽ നം. 19/27.07.19) | 199316<br>(MG R) |
| 8 | 185/20<br>നെല്ലുവായ് വടക്കുമുറി റോഡ് മെറ്റലിംഗ് ടാറിംഗ്<br>64996/2018-19 | 166696 | 5001 | 21900597/24.07.19<br>(ട്രഷറി ബിൽ നം. 21/27.07.19) | 171697<br>(MG R) |
| 9 | 187/20<br>മേച്ചിൽപുറം റോഡ് റീടാറിംഗ്<br>18611/2018-19 | 169496 | 5085 | 21900599/24.07.19<br>(ട്രഷറി ബിൽ നം. 22/27.07.19) | 174581<br>(MG R) |
| 10 | 196/20<br>പാറപ്പുറം റോഡ് റീടാറിംഗ്<br>30270/2018-19 | 229561 | 6887 | 21900603/25.07.19<br>(ട്രഷറി ബിൽ നം. 25/27.07.19) | 236448<br>(MG R) |
| 11 | 190/20<br>മുട്ടിക്കൽ കോളനി റോഡ് റീടാറിംഗ്<br>54696/2018-19 | 170350 | 5110 | 21900605/25.07.19<br>(ട്രഷറി ബിൽ നം. 26/27.07.19) | 175460<br>(MG R) |
| 12 | 199/20<br>തെക്കേക്കര റോഡ് റീടാറിംഗ്<br>50689/2018-19 | 192194 | 5766 | 21900606/25.07.19<br>(ട്രഷറി ബിൽ നം. 27/27.07.19) | 197960<br>(MG R) |
| 13 | 202/20<br>മുരിങ്ങത്തേരി മാഷ് പടി റോഡ് റീടാറിംഗ്<br>65005/2018-19 | 48544 | 1456 | 21900609/26.07.19<br>(ട്രഷറി ബിൽ നം. 30/27.07.19) | 50000<br>(MG R) |
| 14 | 201/20<br>മുരിങ്ങത്തേരി മുണ്ടംകോട് റോഡ് റീടാറിംഗ്<br>28454/2018-19 | 155050 | 4651 | 21900610/26.07.19<br>(ട്രഷറി ബിൽ നം. 31/27.07.19) | 159701<br>(MG R) |
| | ആകെ | | 108852 | | |

ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരിൽ തിരികെ ഈടാക്കാൻ സാധിക്കാതെ വന്നാൽ, പ്രസ്തുത തുക അനുവദിച്ച് നൽകിയ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19/10.06.22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 GST Compensation ഇനത്തിൽ തുക അനുവദിച്ച് നൽകിയത് ക്രമത്തിലല്ല

01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക(3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി GST Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ് എന്ന് ഖണ്ഡിക(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ ( ഖണ്ഡിക(4) ) നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക(3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക(3) ലെ രേഖപ്പെടുത്തൽ പ്രകാരം Bituminous Road Work ( Bitumen Contractor Supply ) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE /6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്ക് 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്. 04.04.18 ലെ സർക്കുലർ നിർദ്ദേശ പ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെട്ട SS1 Emulsion, Emulsion RS1 Packed, Bitumen VG30 Packed എന്നിവയുടെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് മേൽ വിവരിച്ച കാരണങ്ങൾ കൊണ്ടുതന്നെ 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവ് പ്രകാരം നിശ്ചയിച്ച GST Compensation ന് അർഹതയില്ലാത്തതാണ്. ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയ ഒരു പ്രവൃത്തിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നംപർ | 208/20 |
| പ്രൊജക്ട് | കാഞ്ഞിരക്കോട് മോസ്കോ കണ്ണങ്ങത്ത് റോഡ് മെറ്റലിംഗ് ടാറിംഗ് |
| സാങ്കേതികാനുമതി | 25063/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/57959 Dtd.29.05.18 |
| സാങ്കേതികാനുമതി തുക | 3,83,000 രൂപ |
| കരാറുകാരൻ | ശ്രീ. സുബൈർ.എസ്.വൈ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.41% കുറവ് |
| കരാർ ഉടമ്പടി | AE/LSGD/EPTY/18-19/23 Dtd.01.08.18 |
| എം.ബുക്ക് | 75/18-19 |
| വൗച്ചർ നംപർ, തുക | 21901157/17.10.19 = 3,38,173( MG R ) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 358471.22 |
| (-) ടെണ്ടർ കിഴിവ് 8.41% | 30147.43 |
| ബാക്കി | 328323.79 ~ 328324 |
| (+) GST Compensation | 9849 |
| ആകെ | 338173 |
| (-) ബിറ്റുമിൻ കാലി ബാരൽ വില | 3089 |
| (-) ഫൈൻ | 6764 |
| (-) ആദായനികുതി 1% | 3382 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 3382 |
| (-) CGST 1% | 3382 |
| (-) SGST 1% | 3382 |
| കരാറുകാരന് നൽകിയത് | 314792 |

ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയ വിവിധ പ്രവൃത്തികൾ താഴെ പട്ടികപ്പെടുത്തുന്നു ( മേൽ പ്രവൃത്തി ഉൾപ്പെടെ).

| ക്രമ നംപർ | പ്രോജക്ട് നംപർ, പ്രോജക്ട്, | പ്രവൃത്തിയുടെ മൂല്യം | GST Compensation | വൌച്ചർ നംപർ, തീയതി | തുക(രൂപയിൽ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | സാങ്കേതികാനുമതി നംപർ | | | | |
| 1 | 208/20 കാഞ്ഞിരക്കോട് മോസ്കോ കണ്ണങ്ങത്ത് റോഡ് മെറ്റലിംഗ് ടാറിംഗ് 25063/2018-19 | 328324 | 9849 | 21901157/17.10.19 (ട്രഷറി ബിൽ നം. 36/17.10.19) | 338173 (MG R) |
| 2 | 197/20 മനയ്ക്കപ്പടി ലിങ്ക് റോഡ് റീ ടാറിംഗ് & സൈഡ് കെട്ട് 65048/2018-19 | 389915 | 10085 (11697.45 Limited To 10085) | 21901155/17.10.19 (ട്രഷറി ബിൽ നം. 37/17.10.19) | 400000 (MG R) |
| 3 | 164/20 നാണിക്കുന്ന് മുസ്ളിം പള്ളി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് 33921/2018-19 | 453612 | 13608 | 21900278/17.04.19<br><br>21900691/09.10.19 (ട്രഷറി ബിൽ നം. 06/07.05.19) (ചെക്ക് നംപർ 3990799/09.10.19) | 310184 (DF G) 157036 (OF) |
| 4 | 163/20 ചാഴിക്കുളം റോഡ് മെറ്റലിംഗ്, ടാറിംഗ് 15904/2018-19 | 561590 | 16848 | 21900279/17.04.19<br><br>21900292/01.06.19<br><br>21900612/27.07.19 (ട്രഷറി ബിൽ നം. 07/07.05.19) (ട്രഷറി ബിൽ നം. 18/06.06.19) (ട്രഷറി ബിൽ നം. 33/27.07.19) | 150000 (DF G) 370631 (CFC) 57807 (CFC) |
| 5 | 158/20 എരുമപ്പെട്ടി ലാൽഭവൻ റോഡ് ടാറിംഗ് 69477/2018-19 | 290254 | 8708 | 21900288/01.06.19 (ട്രഷറി ബിൽ നം. 14/06.06.19) | 298962 (CFC) |
| 6 | 165/20 കോട്ടപ്പുറം ചെങ്ങോട് കുരിശുപള്ളി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് 20873/2018-19 | 699149 | 9993 (20974 Limited To 9993) | 21900290/01.06.19 (ട്രഷറി ബിൽ നം. 16/06.06.19) | 709142 (CFC) |
| 7 | 192/20 കോട്ടപ്പുറം കോളനി റോഡ് റീ ടാറിങ്ങ് 54498/2018-19 | 193511 | 5805 | 21900600/24.07.19 (ട്രഷറി ബിൽ നം. 19/27.07.19) | 199316 (MG R) |
| 8 | 185/20 നെല്ലുവായ് വടക്കുമുറി റോഡ് മെറ്റലിംഗ് ടാറിംഗ് 64996/2018-19 | 166696 | 5001 | 21900597/24.07.19 (ട്രഷറി ബിൽ നം. 21/27.07.19) | 171697 (MG R) |
| 9 | 187/20 | 169496 | 5085 | 21900599/24.07.19 | 174581 |

| | | | | | |
|---|---|---|---|---|---|
| | മേച്ചിൽപുറം റോഡ് റീടാറിംഗ് 18611/2018-19 | | | (ട്രഷറി ബിൽ നം. 22/27.07.19) | (MG R) |
| 10 | 196/20 പാറപ്പുറം റോഡ് റീടാറിംഗ് 30270/2018-19 | 229561 | 6887 | 21900603/25.07.19 (ട്രഷറി ബിൽ നം. 25/27.07.19) | 236448 (MG R) |
| 11 | 190/20 മുട്ടിക്കൽ കോളനി റോഡ് റീടാറിംഗ് 54696/2018-19 | 170350 | 5110 | 21900605/25.07.19 (ട്രഷറി ബിൽ നം. 26/27.07.19) | 175460 (MG R) |
| 12 | 199/20 തെക്കേക്കര റോഡ് റീടാറിംഗ് 50689/2018-19 | 192194 | 5766 | 21900606/25.07.19 (ട്രഷറി ബിൽ നം. 27/27.07.19) | 197960 (MG R) |
| 13 | 202/20 മുരിങ്ങത്തേരി മാഷ് പടി റോഡ് റീടാറിംഗ് 65005/2018-19 | 48544 | 1456 | 21900609/26.07.19 (ട്രഷറി ബിൽ നം. 30/27.07.19) | 50000 (MG R) |
| 14 | 201/20 മുരിങ്ങത്തേരി മുണ്ടംകോട് റോഡ് റീടാറിംഗ് 28454/2018-19 | 155050 | 4651 | 21900610/26.07.19 (ട്രഷറി ബിൽ നം. 31/27.07.19) | 159701 (MG R) |
| | ആകെ | | 108852 | | |

ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരിൽ തിരികെ ഈടാക്കാൻ സാധിക്കാതെ വന്നാൽ, പ്രസ്തുത തുക അനുവദിച്ച് നൽകിയ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19/10.06.22)

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുമായ പൊരുത്തപ്പെടാത്തതിനാൽ ഖണ്ഡികയിൽ ചേർത്തിട്ടില്ല.ഫണ്ട് വിനിയോഗം സംബന്ധിച്ച കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിനാൽ ഖണ്ഡികയിൽ ചേർത്തിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

വായ്പാ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലെഡ്ജർ പ്രകാരമുള്ള വിവരങ്ങളാണ് താഴെ ചേർക്കുന്നത്.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന നിർമ്മാണം | LF511/2018 | DATED 02/01/2019 | | 60,84,080 | 8,00,000 | 13,73,529 | 55,10,551 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,73,33,539 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,98,58,288 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,08,852 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,64,799 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 88918 | ശ്രീ.ജ്യോതിരാജ്.പി.എസ്, അസി. എഞ്ചിനീയർ |
| | 19934 | ശ്രീ.പ്രസൂൺ.പി.പി, അസി.എഞ്ചിനീയർ |
| ആകെ | 1,08,852 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 1,17,000 | രതി.ആർ.മേനോൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-27 | 1,47,799 | ശ്രീ.ജ്യോതിരാജ്.പി.എസ്, അസി.എഞ്ചിനീയർ |
| ആകെ | 2,64,799 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീ.ജ്യോതിരാജ്.പി.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കാട്ടാകാമ്പാൽ ഗ്രാമപഞ്ചായത്ത് | പരംജ്യോതി, പടിഞ്ഞാറ്റൂട്ടയിൽ വീട്, ഇയ്യാൽ.പി.ഒ, തൃശ്ശൂർ |
| ശ്രീ.പ്രസൂൺ.പി.പി, അസി.എഞ്ചിനീയർ | വിരമിച്ചു | പൊന്നംപറമ്പിൽ വീട്, ഗുരുവായൂർ.പി.ഒ, പിൻ-680101 |
| രതി.ആർ.മേനോൻ, ഐ.സി.ഡി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ, | കോനിക്കര ഹൗസ്, ശ്രീബുദ്ധ ലെയ്ൻ, കോലഴി. |

| | |
|---|---|
| സൂപ്പർവൈസർ | തൃശ്ശൂർ കോർപ്പറേഷൻ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 20 – 1249/98 /28.9.98 |
| 1981-82 | |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1985-86 | എൽ.എഫ്.ടി. 7 – 326/90/6.8.1990 |
| 1986-87 | എൽ.എഫ്.ടി. 7 – 326/90/6.8.1990 |
| 1987-88 | എൽ.എഫ്.ടി. 7 – 829/90/10.10.19991 |
| 1988-89 | എൽ.എഫ്.ടി. 9 – 230/1993/21.7.1993 |
| 1989-90 | എൽ.എഫ്.ടി. 9 – 230/1993/21.7.1993 |
| 1989-90, 1991-92 | എൽ.എഫ്.ടി. 9 – 362/1993/14.5.1993 |
| 1992-93, 1993-94 | എൽ.എഫ്.ടി. 9 – 431/95/25.6.96 |
| 1994-95 | എൽ.എഫ്.ടി. 20 – 75/2001/07.4.2001/31.5.2001 |
| 1995-96 | എൽ.എഫ്.ടി. 20 – 89/2001/7.4.2001 / 31.5.2001 |
| 1996-97 | എൽ.എഫ്.ടി. 9 – 426/98/26.9.98 |
| 1997-98, 1998-99 | എൽ.എഫ്.ടി. 20 – 20/1734/1999/5.8.2000 |
| 1999-2000 | എൽ.എഫ്.ടി. 20 – 20/685/2004 |
| 2000-2001, 2001-02 | എൽ.എഫ്.ടി. 17/686/2004 |
| 2002-03 | എൽ.എഫ്.ടി. 17 – 444/ 2006/17.6.2006 |
| 2003-04 | എൽ.എഫ്.ടി. 17 – 2207/2007/31.5.08 |
| 2004-05 | എൽ.എഫ്.ടി. 17 – 2425/2007/31.5.08 |
| 2005-06 | എൽ.എഫ്.ടി. 17- 2426/2007/16.10.08 |
| 2006-07 | എൽ.എഫ്.ടി. 17 – 1130/10/20.1.2011 |
| 2007-08 | എൽ.എഫ്.ടി.17 – 1131/10/ 20.1.2011 |
| 2008-09 | എൽ.എഫ്.ടി. ( പി3) 218/11/29.11.2011 |
| 2009-10 | എൽ.എഫ്.ടി. (പി 3) 218/11/29.11.2011 |
| 2010-11 | എൽ.എഫ്.ടി. (പി 1)2274 / 12/8.3.13 |
| 2011-12 | എൽ.എഫ്.ടി.(പി 1) 732/13/12.8.13/ 17.10.13 |
| 2012-13 | എൽ.എഫ്. ടി.(പി 5) 2148 / 13/ 5.7.14 /30.9.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.5.327/ 15/20.8.15/5.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.5/1217/16/23.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.5/2227/16/6.1.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ പി5-195/17 തീയതി 29.08.17/06.10.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി5)1727/2018 തീയതി 23.11.2018 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി5)1048/19, തീയതി: 14/08/19 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്